KSE LIMITED
AN ISO 9001 : 2008 COMPANY

07 November 2025

BSE Limited
Corporate Relationship Department
First Floor, New Trading Ring
Rotunda Building
P.J. Towers, Dalal Street
Mumbai – 400 001.

Dear Sirs,

Sub: Newspaper Advertisement – Unaudited Financial Results for the Quarter/Half-year ended 30th September 2025 pursuant to Regulation 47 of SEBI (Listing Obligations and Disclosure Requirements) Regulations, 2015

Pursuant to Regulation 47 of the SEBI (Listing Obligations and Disclosure Requirements) Regulations, 2015, we enclose here with copies of Extracts of the Unaudited Financial Results of the Company for Quarter/Half-year ended 30th September 2025 published in Mathrubhumi (Malayalam) and Business Line (English) daily newspapers on 07th November, 2025.

You may kindly take the above information on record.

Thanking You,

Yours faithfully,

For KSE Limited

SRIVIDYA DAMODARAN
Digitally signed by SRIVIDYA DAMODARAN
Date: 2025.11.07 14:33:28 +05'30'

Srividya Damodaran
Company Secretary

Corporate Office: P.B. No. 20, Solvent Road, Irinjalakuda, Kerala-680 121 Tel: 0480 2825476, 2825576, 2826676
CIN No. L15331KL1963PLC002028 Email: ksekerala@gmail.com Website: www.kselimited.com

Dr Reddy's to step up focus on emerging markets, India

STRATEGY SHIFT. With a hefty revenue of $3.8 billion in FY25, the pharma giant plans to foray into Central and South American markets

bl.interview

G Naga Sridhar
Hyderabad

The Indian pharmaceutical industry is undergoing some challenges in the form of pricing pressure in the US market and the issue of tariffs which are yet to impact domestic drug-makers. At the same time, the growth of business in Europe, emerging markets and India has been impressive for many.

Major industry players are stepping up focus on these markets even though the US still continues to be the major market. Dr Reddy's Laboratories, with a total revenue of $3.8 billion (FY25), has been growing in India and emerging markets.

MV Ramana, CEO-Branded Markets (India and Emerging Markets), Dr Reddy's, spoke on the market trends and the company's strategies.

Edited excerpts:

What is the scenario in the emerging markets and what is your business strategy for the industry and your company?

We're now present across Asia, Russia, CIS, Africa, and Latin America. Our international business spans two key segments: a traditional footprint in Russia and CIS, covering prescription (Rx), OTC, and hospital channels; and institutional operations in 45 emerging markets.

> In the domestic market, we have been growing at double digits. We will continue to focus on certain therapeutic areas where we have the endowment
>
> **MV RAMANA**
> CEO-Branded Markets (India and Emerging Markets), Dr Reddy's

This structure enables us to leverage products developed for the US and Europe across these markets, driving double-digit growth.

Most emerging markets are brand-driven, and we continue to build strong brands in both Rx and OTC segments. We've sharpened our capabilities with successful brands like Omez and Nise, and also represent partner brands such as P&G's in select markets. Additionally, we're extending innovations licensed for India into emerging markets, where similar healthcare needs exist.

How about the domestic market? What is the product line-up?

In the domestic market, we've been growing at double-digit rates and remain focused on key therapeutic areas where we have strong capabilities.

Our strategy is to introduce differentiated and first-to-market products. We've built on our legacy brands like Omez and Razo with the launch of Vonoprazan, and more recently, Tegoprazan — a first in India. BixiBat and Linaclotide were also first-time launches, with several more expected.

Our joint venture with Nestlé is progressing well. We're exploring ways to expand consumer health into ethical businesses — especially those that are OTC by definition but currently promoted as prescription, or have the potential to transition to OTC. India's growth story for us is about building strong brands through branded generics, innovative assets, and consumer health.

Down the line, how will be business from India and EMs vis-a-vis US and Europe for the company?

As Dr Reddy's had completed the acquisition of Haleon Plc's global portfolio of consumer healthcare brands in the Nicotine Replacement Therapy (NRT) category outside of the US, Europe has become even more meaningful for us. So is the US.

The products we expect to launch including complex generics and biosimilars, both US and Europe are important markets in terms of the size and opportunity to grow. India and EMs in the overall sense will continue to be even more important going forward and their contributionis expected to grow.

What is the potential and opportunity for biosimilars in India and emerging markets?

Most of the biosimilars in India and EMs fall into the segment where there are opportunities to brand the product and to promote it. In many of the emerging markets, there's also a need to localise the product. So we actually locally manufacture the product in a few countries that benefit local manufacturers.

This becomes a platform not only for our own biosimilars but also for our partner products. Hence, there is growth coming in from both Dr Reddy's portfolio as well as the portfolio from the partner products.

What are the new geographies/markets being looked at?

We already have a presence in the big markets of Russia, Brazil and China. But also in the last couple of years, we've also looked into leveraging our institutional portfolio into Central and South America.

Piramal Pharma's Q2 numbers hit by CDMO destocking

Our Bureau
Mumbai

Piramal Pharma posted a loss of ₹99 crore for the second quarter ended September 30, 2025, impacted by inventory destocking on a commercial, on-patent product in the contract development and manufacturing organisation (CDMO) segment.

The drug-maker's revenue from operations for the quarter under review was down 9 per cent at ₹2,044 crore.

Nandini Piramal, Chairperson, Piramal Pharma, said, "Year-on-Year (y-o-y) growth in the CDMO business was primarily impacted by inventory destocking in one large on-patent commercial product. Inconsistent recovery in US biopharma funding, along with uncertainties on global trade policies, led to adverse impact on order inflows and customer decision making during H1FY26. However, in September and October 2025, we have seen a significant pick-up in biopharma funding which, if [it] sustains, should lend impetus to increased RFPs and orders going forward."

The company's CDMO business for the quarter under review stood at ₹1,044 crore, down 21 per cent.

Its Complex Hospital Generics segment was flat at ₹644 crore and the consumer healthcare segment grew by 15 per cent at ₹319 crore.

On the consumer healthcare outlook, Piramal told *businessline* that the company's power brands grew close to 20 per cent.

സംസ്ഥാനത്ത് വീടില്ലാതെ 3.59 ലക്ഷം പട്ടികജാതി-വർഗ കുടുംബങ്ങൾ

കെ.കെ. ശ്രീരാജ്
തൃശ്ശൂർ

▸ അതിദാരിദ്ര്യനിർമാർജനം ആഘോഷിക്കപ്പെടുമ്പോഴും കേരളത്തിൽ വീടില്ലാതെ 3.59 ലക്ഷം പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾ. പുനരധിവാസ, ക്ഷേമനടപടികൾക്കായി 2021 മുതൽ 2025 വരെ 4140. 41 കോടി രൂപ വകയിരുത്തിയിട്ടാണ് ഈ സ്ഥിതി.

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായ കണക്കുമാത്രമാണിത്. ലൈഫിന് പുറത്തുള്ള ഭവനരഹിതർ വേറെ. സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ കുടുംബങ്ങളുടെ മൊത്തം കണക്ക് ലൈഫ് മിഷനിൽ ഇല്ലതാനും.

ബിജെപി പട്ടികജാതി മോർച്ച സംസ്ഥാന പ്രസിഡന്റ് ഷാജുമോൻ വട്ടേക്കാടിന് വിവരാവകാശനിയമപ്രകാരം ലഭിച്ച മറുപടിയിലാണ് ഇക്കാര്യമുള്ളത്. ഇതിൽ 2.56 ലക്ഷം പട്ടികജാതിക്കാരും 1.02 ലക്ഷം പട്ടികവർഗക്കാരുമാണ്. പട്ടികജാതി വിഭാഗത്തിൽ ഭൂമിയുണ്ടായിട്ടും വീടില്ലാത്ത 1.92 ലക്ഷം പേരാണുള്ളത്. പട്ടികവർഗത്തിൽ ഭൂമിയുള്ള 63,913 പേർക്ക് വീടായിട്ടില്ല.

86,784 പട്ടികജാതി കുടുംബങ്ങൾക്കും 16,214 പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമിപോലുമില്ല. അഞ്ചുവർഷത്തേക്കായി ഈ വിഭാഗങ്ങളുടെ വീടുനിർമാണത്തിന് ലൈഫ് പദ്ധതിയിൽ 2640.41 കോടിയും പട്ടികജാതിവകുപ്പിന്റെ ഫണ്ടിൽനിന്ന് 1600 കോടിരൂപയുമാണ് വകയിരുത്തിയിരുന്നത്.

ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ കൂടുതലുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. 23,331 കുടുംബം. ഭൂരഹിതരായ ഭവനരഹിതർ കൂടുതലുള്ളതും തിരുവനന്തപുരത്താണ്.

അതേസമയം, കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 45,597 പട്ടികജാതി കുടുംബങ്ങൾക്കും 1.24 ലക്ഷം പട്ടികജാതി കുടുംബങ്ങൾക്കും ലൈഫ് പദ്ധതിയിൽ വീടുനൽകി.

കുടുംബങ്ങൾ പെരുവഴിയിൽ

സംസ്ഥാന സർക്കാരിന്റെ ഉറപ്പ് വിശ്വസിച്ച് ലൈഫ് ഭവനപദ്ധതിയിൽ കരാർ ഒപ്പിട്ട മുപ്പതിനായിരത്തോളം പട്ടികജാതി കുടുംബങ്ങളും ഏഴായിരത്തിലേറെ പട്ടികവർഗ കുടുംബങ്ങളും പെരുവഴിയിലാണ്. പലരുടെയും വീട് പൊളിച്ചിട്ടനിലയിലാണ്.

ഷാജുമോൻ വട്ടേക്കാട്
ബിജെപി പട്ടികജാതി മോർച്ച സംസ്ഥാന പ്രസിഡന്റ്

ദേവസ്വംഭരണം ഇനി പാർട്ടി നേരിട്ട്

ബിജു പരവത്ത്
തിരുവനന്തപുരം

▸ ശബരിമല വിവാദത്തിന്റെ പശ്ചാത്തലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് സ്ഥാനത്തേക്ക് പാർട്ടിനേതൃതലത്തിലുള്ളവരെ പരിഗണിക്കാൻ സിപിഎം. വെള്ളിയാഴ്ച ചേരുന്ന സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് യോഗത്തിൽ ഇതു സംബന്ധിച്ചുള്ള തീരുമാനമുണ്ടാകും. നിലവിലെ പ്രസിഡന്റ് പി.എസ്. പ്രശാന്തിനെ വീണ്ടും നിയമിക്കേണ്ടെന്ന് പാർട്ടിയിൽ ധാരണയായിട്ടുണ്ട്.

പ്രസിഡന്റ് സ്ഥാനത്ത് നേതൃതലത്തിലുള്ളവരെമാത്രം നിയമിക്കും

നായർ പ്രാതിനിധ്യം സിപിഐ ഏറ്റെടുത്തു

തെക്കൻ ജില്ലകളിൽനിന്നുള്ള പാർട്ടി നേതൃതലത്തിലുള്ള ഒരാളെ പ്രസിഡന്റാക്കാനാണ് സാധ്യത.

പ്രസിഡന്റ് അടക്കം മൂന്ന് അംഗങ്ങളാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിലുള്ളത്. നായർ, ഈഴവ, പട്ടികജാതി വിഭാഗത്തിൽനിന്നുള്ള ഓരോ അംഗങ്ങളാണുണ്ടാകുക. പട്ടികവിഭാഗത്തിൽനിന്നുള്ള അംഗത്തിന്റെ കാലാവധി കഴിഞ്ഞിട്ടില്ല. നായർ പ്രതിനിധിയെ നിശ്ചയിക്കുന്നത് ഇത്തവണ സിപിഐയായിരിക്കും. വിളപ്പിൽ രാധാകൃഷ്ണനെയാണ് സിപിഐ നിയോഗിക്കാൻ സാധ്യത. പ്രസിഡന്റ് സ്ഥാനത്തേക്ക് ഈഴവ പ്രാതിനിധ്യമാണ്.

കോട്ടയം, പത്തനംതിട്ട ജില്ലകളിൽനിന്നുള്ള നേതാക്കളെ ബോർഡ് പ്രസിഡന്റ് സ്ഥാനത്തേക്ക് പരിഗണിക്കണമെന്ന ആവശ്യം നേതാക്കൾക്കിടയിലുണ്ട്. ആലപ്പുഴ ജില്ലാസെക്രട്ടേറിയറ്റ് അംഗമായ ടി.കെ. ദേവകുമാറിനെ പരിഗണിക്കാനിടയുണ്ടെന്നും വാർത്തകളുണ്ട്. ദേവകുമാർ നിലവിൽ കയർഫെഡ് ചെയർമാനാണ്. ബോർഡിലെ കാലാവധി ബാക്കിയുള്ള അംഗവും ആലപ്പുഴയിൽ നിന്നാണ്. അതിനാൽ, ദേവകുമാറിനുള്ള സാധ്യത കുറവാണെന്ന അഭിപ്രായവും നേതാക്കൾ പങ്കുവെക്കുന്നു.

കോൺഗ്രസ് വിട്ട് സിപിഎമ്മിലെത്തിയ നേതാവാണ് പ്രശാന്ത്. മുൻ പ്രസിഡന്റ് വാസുവിന്റെയും പി.എസ്. പ്രശാന്തിന്റെയും കാലത്തെ പ്രവർത്തനങ്ങളാണ് സ്വർണപ്പാളി കൊള്ളക്കേസിൽ സംശയത്തിന്റെ നിഴലിലുള്ളത്.

പിഞ്ചുകുഞ്ഞിനെ കഴുത്തറുത്തുകൊന്ന കേസിൽ അമ്മൂമ്മ അറസ്റ്റിൽ

അങ്കമാലി ▸ ആറുമാസം പ്രായമുള്ള കുഞ്ഞിനെ കഴുത്തറുത്ത് കൊലപ്പെടുത്തിയ കേസിൽ അമ്മൂമ്മ അറസ്റ്റിൽ. കറുകുറ്റി കരിപ്പാല പയ്യപ്പിള്ളി വീട്ടിൽ റോസിലി (63) യെയാണ് അങ്കമാലി പോലീസ് അറസ്റ്റ് ചെയ്തത്. ചെല്ലാനം ആറാട്ട് പുഴക്കടവിൽ ആന്റണിയുടെയും എടക്കുന്ന് കരിപ്പാല പയ്യപ്പിള്ളി വീട്ടിൽ റൂത്തിന്റെയും മകൾ ഡെൽന മരിയ സാറയെയാണ് അമ്മൂമ്മ റോസിലി കഴുത്തറുത്ത് കൊലപ്പെടുത്തിയത്. റൂത്തിന്റെ അമ്മയാണ് റോസിലി.


റോസിലി

ബുധനാഴ്ച രാവിലെ ഒൻപതോടെയായിരുന്നു സംഭവം. കുട്ടിയെ റോസിലിയുടെ അടുത്ത് കിടത്തിയ ശേഷം റൂത്ത് അടുക്കളയിലേക്കു പോയ സമയത്ത് റോസിലി കത്തികൊണ്ട് കുട്ടിയുടെ കഴുത്തറുക്കുകയായിരുന്നെന്ന് പോലീസ് പറഞ്ഞു. കഴുത്തിൽ ആഴത്തിൽ മുറിവേറ്റതിനാൽ ആശുപത്രിയിലെത്തിയപ്പോഴേക്കും ഏറെ ചോര വാർന്നുപോയിരുന്നു.

കൊലപാതകം നടത്താനുള്ള കത്തി റോസിലി നേരത്തേ കരുതിയിരുന്നതായും പോലീസ് പറഞ്ഞു. കുട്ടിയെ കൊലപ്പെടുത്താനുള്ള കാരണത്തെക്കുറിച്ച് പോലീസ് വിശദമായ അന്വേഷണം നടത്തിവരുന്നു. അങ്കമാലി കോടതിയിൽ ഹാജരാക്കിയ റോസിലിയെ കാക്കനാട് വനിതാ ജയിലിലേക്ക് റിമാൻഡ് ചെയ്തു. ഡിവൈഎസ്പി ടി.ആർ. രാജേഷ്, ഇൻസ്പെക്ടർ എ. രമേഷ്, എസ്ഐമാരായ കെ. പ്രദീപ്കുമാർ, ബിജീഷ് എന്നിവർ ഉൾപ്പെടുന്ന സംഘമാണ് കേസ് അന്വേഷിക്കുന്നത്. കളമശ്ശേരി മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തിയ ശേഷം ഡെൽനയുടെ മൃതദേഹം വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 1.45-ന് കരിപ്പാലയിലെ വീട്ടിലെത്തിച്ചു.

അറസ്റ്റിന്റെ കാരണം അറിയിക്കാതിരിക്കുന്നത് മൗലികാവകാശ ലംഘനം -സുപ്രീംകോടതി

ന്യൂഡൽഹി ▸ അറസ്റ്റിനുമുൻപ് കാരണം എഴുതിനൽകണമെന്ന നിബന്ധന പിഎംഎൽഎ (കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമം), യുഎപിഎ (സംഘടിത കുറ്റകൃത്യം തടയൽ നിയമം) കേസുകളിൽ മാത്രമാണ് ഇതുവരെ നിർബന്ധമായിരുന്നത്. ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള മുഴുവൻ കുറ്റങ്ങൾക്കും നിർബന്ധമാണെന്നാണ് വ്യാഴാഴ്ച സുപ്രീംകോടതി വ്യക്തമാക്കിയത്.

കുറ്റം ഉടൻ എഴുതിനൽകാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ കാരണം വാക്കാൽ അറിയിക്കാം. എന്നാൽ, റിമാൻഡ് നടപടികൾക്കായി മജിസ്ട്രേറ്റിനുമുന്നിൽ ഹാജരാക്കുന്നതിന് രണ്ടു മണിക്കൂർ മുൻപെങ്കിലും കാരണം എഴുതിനൽകണം.

ഭരണഘടനയുടെ 22 (ഒന്ന്) അനുച്ഛേദപ്രകാരം അറസ്റ്റിനുള്ള കാരണം അറിയാനുള്ള വ്യക്തിയുടെ അവകാശം വെറുമൊരു ഔപചാരികത മാത്രമല്ലെന്ന് സുപ്രീംകോടതി പറഞ്ഞു.

ഭരണഘടന നൽകുന്ന മൗലികാവകാശങ്ങളുടെ ഭാഗമാണത്. അതുവഴി ഭരണഘടനയുടെ 21-ാം അനുച്ഛേദം നൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ലംഘനമാണ്.

രൂപകല്പനയിലും നിർമാണത്തിലും അപാകം

വന്ദേഭാരത് സ്ലീപ്പർ തീവണ്ടി സർവീസ് തുടങ്ങാൻ വൈകും

ചെന്നൈ ▸ വന്ദേഭാരത് സ്ലീപ്പർ തീവണ്ടി സർവീസ് ആരംഭിക്കാൻ കാലതാമസമെടുക്കും. രൂപകല്പനയിലും സുരക്ഷാമാനദണ്ഡങ്ങളും പാലിക്കുന്നതിലും അപാകമുണ്ടെന്ന് റെയിൽവേയുടെ ബോർഡ് കണ്ടെത്തിയതിനാലാണിത്. മണിക്കൂറിൽ 130-160 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കാവുന്ന രീതിയിലല്ല രൂപകല്പനയെന്ന് റെയിൽവേ ബോർഡ് റിസേർച്ച് ഡിസൈൻ ആൻഡ് സ്റ്റാൻഡേർഡ് ഓർഗനൈസേഷനും(ആർഡിഎസ്ഒ) റെയിൽവേ സോണുകളുടെ ജനറൽ മാനേജർമാർക്കും അയച്ച കത്തിൽ ചൂണ്ടിക്കാട്ടി.

സ്ലീപ്പർ കോച്ചുകളിലെ ശൗചാലയങ്ങളിലേക്കുള്ള വെള്ളം ശേഖരിച്ചുവെക്കാനുള്ള അറകൾ വലുപ്പംകൂടിയതാണ്. തീവണ്ടികളുള്ളിൽ ഘടിപ്പിച്ചിട്ടുള്ള ഇലക്ട്രിക്ക് ഉപകരണങ്ങൾ ഭാരംകൂടിയവയാണ്. ഇത് വേഗം കുറയ്ക്കാൻ കാരണമാകുമെന്ന് റെയിൽവേ ബോർഡ് ചൂണ്ടിക്കാട്ടി. അതുപോലെ അഗ്നിരക്ഷാസംവിധാനം, തീവണ്ടികളെ കൂട്ടിയിടിക്കാതിരിക്കാനുള്ള കവച് സംവിധാനം എന്നിവ ഘടിപ്പിച്ചതിൽ അപാകമുണ്ട്.

ലോക്കോപൈലറ്റ്, ഗാർഡ്, ടെയിൻ മാനേജർ എന്നിവർക്ക് പരസ്പരം ബന്ധപ്പെടാനുള്ള സംവിധാനം ഏർപ്പെടുത്തിയതും കൃത്യമായ രീതിയിലല്ല. ലോക്കോപൈലറ്റുമാർക്ക് തീവണ്ടി കടന്നുപോകുന്ന ഭാഗത്തെ സ്റ്റേഷൻ മാസ്റ്ററുമായി ബന്ധപ്പെടാനുള്ള സൗകര്യം, തീവണ്ടിയുടെ ബ്രേക്കിങ് സിസ്റ്റം എന്നിവയിലും അപാകമുണ്ടെന്നും റെയിൽവേ ബോർഡ് ചെയർമാൻ ആർഡിഎസ്ഒയ്ക്കും റെയിൽവേ സോണുകൾക്കും അയച്ച കത്തിൽ ചൂണ്ടിക്കാട്ടി.

പൊതുമേഖലാസ്ഥാപനമായ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡാണ്(ബെമൽ) സ്ലീപ്പർകോച്ചുകൾ അടങ്ങിയ തീവണ്ടി നിർമിച്ചത്. നിർമാണം പൂർത്തിയാക്കിയ തീവണ്ടി 2024 ഒക്ടോബറിൽ തന്നെ ബെമൽ ബെംഗളൂരിലെ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലേക്ക് (ഐസിഎഫ്) അയച്ചിരുന്നു. തീവണ്ടിയുടെ അപാകങ്ങൾ ഐസിഎഫ് പരമാവധി പരിഹരിച്ചിരുന്നു. തുടർന്ന് ആർഡിഎസ്ഒ പരിശോധന നടത്തി റിപ്പോർട്ട് റെയിൽവേ സേഫ്റ്റി കമ്മിഷണർക്ക് നൽകി. സേഫ്റ്റി കമ്മിഷണർ നടത്തിയ പരിശോധനയിലും രൂപകല്പനയിലും നിർമാണത്തിലും അപാകം കണ്ടെത്തി.

നാല് സീനിയർ ഗവ. പ്ലീഡർമാരെ നിയമിച്ചു

കൊച്ചി ▸ ഹൈക്കോടതിയിൽ നാല് സീനിയർ ഗവൺമെന്റ് പ്ലീഡർമാരെയും നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അഡ്വ. വി.എസ്. ശ്രീജിത്ത്, അഡ്വ. ഒ.വി. ബിന്ദു, അഡ്വ. എം.എസ്. ബ്രീസ്, അഡ്വ. ജിമ്മി ജോർജ് എന്നിവരെയാണ് സീനിയർ ഗവൺമെന്റ് പ്ലീഡർമാരായി നിയമിച്ചത്.

ശബരിമല സ്വർണക്കവർച്ച: കെ.എസ്. ബൈജു തട്ടിപ്പിന് കൂട്ടുനിന്നെന്ന് അന്വേഷണസംഘം

തിരുവനന്തപുരം: തിരുവാഭരണം മുൻ കമ്മിഷണർ കെ.എസ്. ബൈജുവിന്റെ അറസ്റ്റിനു വഴിവെച്ചത് ഉണ്ണിക്കൃഷ്ണൻ പോറ്റിയുടെ തട്ടിപ്പിന് സഹായകരമായ നിലപാടെടുത്തെന്ന അന്വേഷണസംഘത്തിന്റെ കണ്ടെത്തൽ. ബൈജു ചുമതലയിലിരിക്കെയാണ് 2019-ൽ ശബരിമല ദ്വാരപാലക ശില്പങ്ങളിലെ ലോഹപാളികൾ ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൈമാറിയത്.

സ്വർണപ്പാളികൾ കൈമാറുമ്പോൾ തിരുവാഭരണ കമ്മിഷണറെന്ന നിലയിൽ സ്ഥലത്ത് എത്തുകയോ, മൂല്യം വിലയിരുത്തുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുകയോ ചെയ്തിരുന്നില്ല. ശബരിമലയിലെ തിരുവാഭരണങ്ങളുടെ ചുമതല തിരുവാഭരണം കമ്മിഷണർക്കാണ്. സ്വർണം ഉൾപ്പെടെ വിലപിടിപ്പുള്ള വസ്തുക്കൾ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടത് കമ്മിഷണറാണ്.

കേസിൽ ഉണ്ണികൃഷ്ണൻ പോറ്റി, ദേവസ്വം എഒ മുരാരി ബാബു, ശബരിമല മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ എന്നിവർ നേരത്തേ അറസ്റ്റിലായിരുന്നു. സ്വർണപ്പാളികൾ കൈക്കലാക്കാൻ ഉണ്ണികൃഷ്ണൻ പോറ്റിയെ സഹായിച്ച മുൻ ദേവസ്വംബോർഡ് ഉദ്യോഗസ്ഥരിലേക്കാണ് അന്വേഷണം നീളുന്നത്.

അന്വേഷണത്തലവൻ എഡിജിപി എച്ച്. വെങ്കിടേഷിന്റെ നേതൃത്വത്തിൽ വ്യാഴാഴ്ച ഈഞ്ചയ്ക്കലിൽ ക്രൈംബ്രാഞ്ച് ഓഫീസിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്നതിനു പിന്നാലെയാണ് ബൈജുവിന്റെ അറസ്റ്റുണ്ടായത്. ഹൈക്കോടതിയുടെ ഉത്തരവിനുപിന്നാലെ ദേവസ്വംബോർഡിലെ മുൻപ്രസിഡന്റുമാരിലേക്കും ഉദ്യോഗസ്ഥരിലേക്കും കൂടുതൽ അന്വേഷണം എത്തുകയാണ്. മുൻ പ്രസിഡന്റ് എ. പത്മകുമാർ ഉൾപ്പെടെയുള്ളവരെ ചോദ്യം ചെയ്യും.

പി.എസ്. പ്രശാന്ത് പ്രസിഡന്റായ ബോർഡിനെതിരേയും ഹൈക്കോടതി നടത്തിയ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണമുണ്ടാകും. ശബരിമല സ്പെഷ്യൽ കമ്മിഷണറുടെ അനുമതിയില്ലാതെ ദ്വാരപാലകശില്പങ്ങളിലെ പാളികൾ കൊടുത്തുവിട്ടതിലെ വീഴ്ചമാത്രമേ ഇപ്പോഴത്തെ ബോർഡിനുള്ളൂ എന്നാണ് പ്രശാന്ത് പറയുന്നത്.

മെഡിക്കൽ കോളേജിൽ രോഗി മരിച്ച സംഭവം

വേണുവിന് തുടക്കംമുതൽ ചികിത്സനൽകി -ആശുപത്രി സൂപ്രണ്ട്

തിരുവനന്തപുരം ▸ ചികിത്സ ലഭിക്കുന്നില്ലെന്ന ശബ്ദസന്ദേശം സുഹൃത്തിന് അയച്ചതിനുപിന്നാലെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മരിച്ച കൊല്ലം പന്മന പുഴാ ഭവനത്തിൽ വേണുവിന് ചികിത്സ നിഷേധിച്ചിട്ടില്ലെന്ന് മെഡിക്കൽ കോളേജ് അധികൃതർ.

നവംബർ ഒന്നിനാണ് വേണു മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിയത്. ഈസമയംമുതൽതന്നെ കാർഡിയോളജി വിഭാഗത്തിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ വിദഗ്ധചികിത്സ നൽകിയിരുന്നെന്ന് മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. സി.ജി. ജയചന്ദ്രൻ പറഞ്ഞു.

രോഗിക്ക് നേരത്തേ പക്ഷാഘാതം വന്നിട്ടുണ്ട്. രക്തസമ്മർദം, പ്രമേഹം തുടങ്ങിയവയും ഉണ്ടായിരുന്നു. ഇവയ്ക്കു കൃത്യമായി മരുന്നു കഴിക്കുന്നുണ്ടായിരുന്നില്ല. ക്രിയാറ്റിനും ഉയർന്നതായിരുന്നു. അതിനാൽ വന്നസമയത്ത് ആൻജിയോഗ്രാം ചെയ്യാനുള്ള സാഹചര്യമല്ലായിരുന്നു. ബുധനാഴ്ച രാത്രിയാണ് ശ്വാസകോശത്തിൽ നീർക്കെട്ടുവന്നത്. ഉടനെത്തന്നെ ഐസിയുവിലേക്കു മാറ്റിയെങ്കിലും രക്ഷിക്കാനായില്ല.

രാഹുലിന്റെ വെളിപ്പെടുത്തൽ: തിരഞ്ഞെടുപ്പ് കമ്മിഷൻ മറുപടി പറയണം -എം.എ. ബേബി

പേരാമംഗലം (തൃശ്ശൂർ) ▸ തിരഞ്ഞെടുപ്പ് ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രാഹുൽഗാന്ധി നടത്തിയ വെളിപ്പെടുത്തലുകളിൽ തിരഞ്ഞെടുപ്പ് കമ്മിഷൻ മറുപടി പറയണമെന്ന് സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബി. എല്ലാം നിഷേധിച്ചുള്ള നിരുത്തരവാദപരമായ പ്രതികരണമാണ് കമ്മിഷന്റെ ഭാഗത്തുനിന്നുണ്ടായത്. തൃശ്ശൂരിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു എം.എ. ബേബി.

ഹരിയാണയിൽ നടന്ന തിരഞ്ഞെടുപ്പിൽ എങ്ങനെയാണ് കൃത്രിമം നടന്നതെന്ന ഞെട്ടിക്കുന്ന വെളിപ്പെടുത്തലാണ് കഴിഞ്ഞദിവസം രാഹുൽഗാന്ധി നടത്തിയത്. ബിഹാർ തിരഞ്ഞെടുപ്പുകൂടി മുന്നിൽക്കണ്ടാണ് കമ്മിഷൻ എസ്ഐആർ ആരംഭിച്ചത്. കമ്മിഷൻ ബിജെപി മുന്നണിക്കുവേണ്ടി നിഷ്പക്ഷത ഉപേക്ഷിച്ച് പക്ഷപാതപരമായി ഇടപെടുന്നതിൽ ബിഹാറിലെ ജനങ്ങൾക്ക് പ്രതിഷേധമുണ്ട്. അത് തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കാൻ സാധ്യതയുണ്ടെന്നും ബേബി അഭിപ്രായപ്പെട്ടു.

25 സെൻറ് വരെയുള്ള ഭൂമി തരംമാറ്റം: 28,970 അപേക്ഷ അംഗീകരിച്ചു

സി.എസ്. മുരളീശങ്കർ
ചെട്ടികുളങ്ങര(ആലപ്പുഴ)

▸ ഇരുപത്തഞ്ചു സെന്റ് വരെയുള്ള 28,970 അപേക്ഷകർക്ക് സൗജന്യ ഭൂമി തരംമാറ്റം അനുവദിച്ച് സർക്കാർ ഉത്തരവ്. കഴിഞ്ഞദിവസങ്ങളിൽ വിവിധ ജില്ലകളിൽ നടന്ന പ്രത്യേക അദാലത്തിലൂടെയാണ് ഇത്രയും അപേക്ഷ തീർപ്പാക്കിയത്. ഡേറ്റ ബാങ്കിൽ പെടാത്തതും 2008-നു മുൻപ് കരഭൂമിയാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതുമായ ഭൂമിയുടെ തരംമാറ്റമാണ് അനുവദിച്ചത്.

ഇത്തരത്തിൽ 1,49,200 അപേക്ഷയാണ് സർക്കാരിനു ലഭിച്ചത്. ബാക്കി അപേക്ഷ 15-നു മുൻപ് തീർപ്പാക്കാനുള്ള ഊർജിതശ്രമം നടക്കുന്നുണ്ട്. 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ തുടർച്ചയായി ഇറക്കിയ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് 25 സെൻറ് വരെയുള്ള ചെറുകിട അപേക്ഷകർക്ക് സൗജന്യ തരംമാറ്റം അനുവദിച്ചത്.

തരംമാറ്റം അനുവദിക്കപ്പെട്ടവർക്ക് അവരുടെ ഫോണിൽ ഇതുസംബന്ധിച്ച സന്ദേശമെത്തും. തുടർന്ന്, ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്യാം. ഇതിന് അക്ഷയ സെന്ററിന്റെ സഹായവും തേടാം. ഇതോടൊപ്പം റവന്യൂരേഖകളിലും ആവശ്യമായ തിരുത്തൽ വരുത്തും. 25 സെൻറിൽ കൂടുതലുള്ള ഭൂമി തരംമാറ്റാൻ പ്രത്യേക നടപടിക്രമം പ്രഖ്യാപിച്ചിട്ടുണ്ട്.